**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## പരിശുദ്ധ മാതാവില്ലാത്ത ക്രിസ്ത്യാനി അനാഥനാണ്: ഫ്രാൻസീസ് മാർപാപ്പ




വത്തിക്കാൻ: 'പരിശുദ്ധ മാതാവില്ലാത്ത ക്രിസ്ത്യാനി അനാഥനാണ്,' 'നിരന്തരം പരാതി പറയുന്ന ക്രിസ്ത്യാനി നല്ല ക്രിസ്ത്യാനിയായിരിക്കുന്നതിൽ പരാജയപ്പെടുന്നു.' ഫ്രാൻസീസ് മാർപാപ്പ ഒരു പ്രഭാഷണത്തിനിടയിൽ സൂചിപ്പിച്ച വരികളാണ് മേലുദ്ധരിച്ചത്. പക്ഷേ പാപ്പയുടെ പ്രഭാഷണത്തെക്കാളും ക്ലിക്കായത് ഈ ഉദ്ധരണികളാണ്. അടുത്തനാളിലെ ചില പ്രസംഗങ്ങളിലെ പാപ്പയുടെ ചില മൊഴികൾ വളരെപെട്ടന്ന് തന്നെ ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. അതിൽ ശ്രദ്ധേയമായ ചില ഉദ്ധരണികൾ ചുവടെ;

1.വിശുദ്ധിയെ ലക്ഷ്യം വയ്ക്കാൻ ഭയപ്പെടരുത്. വിശുദ്ധി എന്നാൽ അസാധാരണമായ കാര്യങ്ങൾ ചെയ്യുക എന്നതല്ല അർത്ഥം, പിന്നെയോ സാധാരണകാര്യങ്ങൾ സ്നേഹത്തോടെയും വിശ്വാസത്തോടെയും ചെയ്യുക എന്നതാണ്.

2.സഭ എല്ലായ്പോഴും എല്ലാവരെയും സ്വാഗതം ചെയ്യുന്ന, സ്നേഹിക്കുന്ന, ക്ഷമിക്കുന്ന, കരുണയുടെയും പ്രത്യാശയുടെയും ഇടമായിരിക്കട്ടെ.

3.ലോകത്തെ മാറ്റിമറിക്കണമെങ്കിൽ നമുക്ക് പ്രതിഫലം നല്കാൻ കഴിയാത്തവർക്ക് നന്മ ചെയ്യണം.

4.ഏറ്റവും ഇരുട്ട് നിറഞ്ഞ നിമിഷങ്ങളിൽ, പാപത്തിലേക്ക് ചായുന്ന സമയങ്ങളിൽ, ബലഹീനതയുടെ സമയങ്ങളിൽ, തോൽവിയുടെ സമയങ്ങളിൽ, ഞാൻ യേശുവിലേക്ക് നോക്കിയിട്ടുണ്ട്, അവനിൽ ശരണപ്പെട്ടിട്ടുണ്ട്. അപ്പോഴൊന്നും അവൻ എന്നെ അവഗണിച്ചിട്ടില്ല. അവൻ വിശ്വസ്തനായ സുഹൃത്താണ്.

5.നിങ്ങളുടെ പ്രാർത്ഥനാജീവിതം വിരസമാണെങ്കിൽ നിങ്ങൾ നിങ്ങളിൽത്തന്നെയാണ് കേന്ദ്രീകരിക്കുന്നത്, യേശുവിലല്ല; സഹായം ആവശ്യമായവരിലല്ല.

6.ലൈംഗികതയും വിവാഹവും കുടുംബവുമെല്ലാം സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ

പദ്ധതിയെ തകർക്കുമെന്ന ഭീഷണിയുയർത്തുന്ന ബലവത്തായ ശക്തികളുടെ ആക്രമണത്തിൻകീഴിലാണ്.

7.കർത്താവ് ഒരിക്കലും ക്ഷമ നല്കി ക്ഷീണിതനാവുന്നില്ല. നമ്മളാണ് ക്ഷമ ചോദിച്ച് തളരുന്നത്.

8.ജീവിതത്തിലെ പ്രഥമകാര്യം പ്രാർത്ഥനയാണ്. തത്തയെപ്പോലെ വാക്കുകൾകൊണ്ടുള്ള പ്രാർത്ഥനയല്ല, ഹൃദയംകൊണ്ടുള്ള പ്രാർത്ഥന; കർത്താവിനെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയും അവിടുത്തെ കേൾക്കുകയും അവിടുത്തോട് ആലോചന ചോദിക്കുകയും ചെയ്യുന്ന പ്രാർത്ഥന.

9.നിരന്തരം പരാതി പറഞ്ഞുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനി നല്ല ക്രിസ്ത്യാനിയായിരിക്കുന്നതിൽ പരാജയപ്പെടുന്നു.

10.ക്രിസ്തു നിങ്ങളുടെ ഹൃദയത്തിന്റെ കേന്ദ്രമായിരിക്കുന്നെങ്കിൽ നിങ്ങളൊരിക്കലും നിരാശപ്പെടുകയില്ല.

11.മാതാവും പിതാവുമുള്ള കുടുംബത്തിൽ വളരാനുള്ള ഒരു കുഞ്ഞിന്റെ അവകാശം നാം വീണ്ടും ഉറപ്പു വരുത്തണം.

12.നിങ്ങൾ സ്പർശിക്കാൻ മറന്നുപോകുന്ന ഭിക്ഷക്കാരന്റെ കരം കർത്താവിന്റെ തിരുശരീരമാണ്.

13.ആകർഷണത്താലാണ് സഭ വളരുന്നത്, പ്രഘോഷണത്താലല്ല.

14.നിങ്ങളുടെ വിശ്വാസയാത്രയിൽ വിനോദസഞ്ചാരികളെപ്പോലെയാകരുത്.

15.ജീവിതത്തിലെ ഏറ്റവും പ്രയാസമേറിയ നിമിഷങ്ങളിൽ നമ്മോടൊപ്പം കരയാൻ കഴിയുന്ന, നമ്മോടൊപ്പം നടക്കാൻ കഴിയുന്ന കർത്താവ് നമുക്കുണ്ട്.

16.നിങ്ങളിൽനിന്ന് യേശു എന്താണോ ആഗ്രഹിക്കുന്നത് അത് അവനിൽനിന്ന് ആവശ്യപ്പെടുക, ധൈര്യമായിരിക്കുക.

17.കർത്താവ് നമ്മുടെ ഹൃദയവാതിലിൽ മുട്ടി വിളിക്കുകയാണ്. നാം 'ശല്യപ്പെടുത്തരുത്' എന്ന് വാതിലിനു പുറത്ത് എഴുതിവച്ചിട്ടുണ്ടോ?

18.യേശുവിന്റെ വഴികളോടു ചേർന്നുപോകാത്ത ഇപ്പോഴത്തെ മൂല്യങ്ങളുടെ ഓളങ്ങൾക്കെതിരെ പോകാൻ ധൈര്യമുണ്ടാകണം.

19.മാനുഷികതക്ക് നവീകരണമില്ലാതെ പ്രകൃതിയുമായുള്ള ബന്ധത്തിലും നവീകരണം ഉണ്ടാവുകയില്ല.

20.നിങ്ങൾ ഒരാളോടെങ്കിലും കോപിച്ചിരിക്കുകയാണോ? ആ വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക. അതാണ് ക്രൈസ്തവസ്നേഹം.

21.നിങ്ങളുടെ ആട്ടിൻപറ്റത്തിനു മധ്യത്തിൽ നല്ല ഇടയനായ യേശുവിനെപ്പോലെ ആടുകളുടെ ഗന്ധമുള്ള ഇടയനാകുക.

22.പാവപ്പെട്ടവരെ സ്നേഹിക്കുകയും ഊണക്കുകയും ചെയ്യുമ്പോൾ നാം ക്രിസ്തുവിന്റെ മുഖം കാണുന്നു.

കടപ്പാട്: in.sundayshalom.com